നം:ICDS.A3- 21621/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി: 05.08.2017

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും

## പരിപത്രം

വിഷയം :- സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശുവികസന സേവന പദ്ധതി - നാഷണൽ ഡീവേമിംഗ് ഡേ 2017 ആഗസ്റ്റ് 10 സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- NHM ഡയറക്ടറുടെ 28.01.2017 ലെ കത്ത്.

രാജ്യത്ത് 68% കുട്ടികൾക്ക് വിരശല്യം മൂലമുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി കണക്കുകൾ കാണിക്കുന്നു. വിരശല്യം കുട്ടികളുടെ ശാരീരികവും ബൗദ്ധികവുമായ വളർച്ചയും വികസനവും തടസ്സപ്പെടുത്തുന്നു. ആയത് ന്യൂനപോഷണം , വിളർച്ച എന്നിവയ്ക്ക് കാരണമാകുന്നതായും സ്കൂളുകളിലെ കുട്ടികളുടെ ഹാജർ നിലയെ പ്രതികൂലമായി ബാധിക്കുന്നതായും കാണുന്നു. ഈ സാഹചര്യത്തിൽ 2017 ആഗസ്റ്റ് 10 ന് കുട്ടികൾക്ക് ഡീവേമിംഗ് നടത്തുന്നതിന് Ministry of Health & Family Welfare , GOI നിർദ്ദേശിച്ചിരിക്കുന്നു. ആയത് പ്രകാരം 2017 ആഗസ്റ്റ് 10- ാം തീയതി നാഷണൽ ഡീവേമിംഗ് ഡേയായും 2017 August 17 ന് Mopup ആയും ആചരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ പരിപാടി ലക്ഷ്യം വയ്ക്കുന്നത് 1 മുതൽ 19 വയസ്സുവരെയുള്ള കുട്ടികളെയാണ്. അങ്കണവാടികൾ മുഖേനയും സ്കൂളുകൾ മുഖേനയുമാണ് ഈ പരിപാടി നടപ്പാക്കുന്നത്.

5 വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടിയിൽ വച്ച് അങ്കണവാടി വർക്കർമാരാണ് ആൽബന്റസോൾ ടാബ്ലറ്റ്സുകൾ നൽകേണ്ടത്. അങ്കണവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അല്ലാത്തതുമായ 1-5 വയസുവരെയുള്ള കുട്ടികൾക്കും, 6-19 വയസുവരെയുള്ള സ്കൂളിൽ പോകാത്ത കുട്ടികൾക്കുമാണ് അങ്കണവാടികൾ മുഖേന ആൽബന്റസോൾ ടാബ്ലറ്റ്സുകൾ നൽകേണ്ടത്. അങ്കണവാടികൾ മുഖേനയുള്ള

TSS/-

പരിപാടിയുടെ വിജയത്തിന് അങ്കണവാടി പ്രവർത്തകരുടെ സജീവ പങ്കാളിത്തമുണ്ടാകേണ്ടതാണ്. അങ്കണവാടി പ്രവർത്തകർക്ക് PHC തലത്തിലും ICDS സൂപ്പർവൈസർ, CDPO എന്നിവർക്ക് CHC തലത്തിലും പരിശീലനം നൽകുന്നതാണ്.

ഡീവേമിംഗ് ഡേയുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കുട്ടികളുടെ മാതാപിതാക്കളുടെ സഹകരണവും സമ്മതവും ഉറപ്പാക്കേണ്ടതാണ്.
2. അസുഖങ്ങൾ ഉള്ളതോ എന്തെങ്കിലും അസുഖങ്ങൾക്ക് മരുന്ന് കഴിക്കുന്നതോ ആയ കുട്ടികൾക്ക് ആൽബന്റസോൾ ടാബ്ലറ്റ്സുകൾ നൽകരുത്.
3. ആൽബന്റസോൾ ടാബ്ലറ്റ് കഴിക്കുന്നതുമൂലം ഏതെങ്കിലും കുട്ടികൾക്ക് അസ്വസ്ഥത ഉണ്ടായാൽ ഉടൻതന്നെ മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന നാഷണൽ ഡീവേമിംഗ് ഡേ വിജയകരമാക്കുന്നതിന് അങ്കണവാടി പ്രവർത്തകർക്ക് ICDS സൂപ്പർവൈസർമാർ, CDPO മാർ എന്നിവർ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും ആരോഗ്യവകുപ്പുമായി ചേർന്ന് പ്രവർത്തിക്കേണ്ടതുമാണ്. ഒരു ജില്ലയിലെ പരിപാടിയ്ക്ക് ജില്ലാതല പ്രോഗ്രാം ഓഫീസർമാർ മേൽനോട്ടം വഹിക്കേണ്ടതും ടി പരിപാടി സംബന്ധിച്ച ജില്ലാതല റിപ്പോർട്ട് 20.08.2017 നകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്. ഈ പരിപാടി സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആരോഗ്യവകുപ്പിന്റെ പ്രോഗ്രാം നോട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

TSS/-